**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **09-10-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാമിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര ഡാമിലെ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | അരുവിക്കര ഡാമിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും എക്കലും മാലിന്യങ്ങളും നീക്കം ചെയ്യുന്ന ഡീസിൽസ്റ്റേഷൻ പ്രവൃത്തിയുടെ നിർവ്വഹണം എംപവേർഡ് കമ്മിറ്റിയുടെ തീരുമാന പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ർ ഡെവലപ്മെന്റ് കോർപറേഷൻ (KIIDC) എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളതാണ്. KIIDC വാട്ടർ അതോറിറ്റിയുമായി MoU ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഡീസിൽറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേ പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി. പൂർത്തീകരിക്കുകയും, വിശദമായ ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് അരുവിക്കര ഡാം ഡീസിൽറ്റേഷൻ പദ്ധതി 21.02.2024-ൽ ടെൻഡർ ചെയ്യുകയും, 13.06.2024-ന് റീടെൻഡർ ചെയ്യുകയും ചെയ്തു.<br><br>16.08.2024-ൽ യോഗം ചേർന്ന 15-ാമത് എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടെ എസ്റ്റിമേറ്റ് തുകയെക്കാൾ അധികം ക്വാട്ട് ചെയ്ത കമ്പനിയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കരാർ നടപ്പിലാക്കിയാൽ ഉടൻ തന്നെ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ടേൺ കീ അടിസ്ഥാനത്തിലാണ് ഡീസിൽറ്റേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി അനുവദിച്ച തുക, ഭരണാനുമതി എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | അരുവിക്കര ഡാമിൽ അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും എക്കലും മാലിന്യങ്ങളും നീക്കം ചെയ്യുന്ന ഡീസിൽസ്റ്റേഷൻ പ്രവൃത്തിയുടെ നിർവ്വഹണം എംപവേർഡ് കമ്മിറ്റിയുടെ തീരുമാന പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ർ ഡെവലപ്മെന്റ് കോർപറേഷൻ (KIIDC) എന്ന പൊതുമേഖലാ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടുള്ളതാണ്. KIIDC വാട്ടർ അതോറിറ്റിയുമായി MoU ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഡീസിൽറ്റേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേ പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി. പൂർത്തീകരിക്കുകയും, വിശദമായ ഡി.പി.ആർ തയ്യാറാക്കുകയും ചെയ്തു. തുടർന്ന് അരുവിക്കര ഡാം ഡീസിൽറ്റേഷൻ പദ്ധതി **21.02.2024**-ൽ ടെൻഡർ ചെയ്യുകയും, **13.06.2024**-ന് റീടെൻഡർ ചെയ്യുകയും ചെയ്തു.<br><br>**16.08.2024**-ൽ യോഗം ചേർന്ന 15-ാമത് എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടെ എസ്റ്റിമേറ്റ് തുകയെക്കാൾ അധികം ക്വാട്ട് ചെയ്ത കമ്പനിയ്ക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. കരാർ നടപ്പിലാക്കിയാൽ ഉടൻ തന്നെ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ടേൺ കീ അടിസ്ഥാനത്തിലാണ് ഡീസിൽറ്റേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ